# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 294 - 27/09/2016 - ലെ മറുപടിക്ക്**

## മൈക്രോ ഫിനാൻസ്

**ചോദ്യം** **ഉത്തരം**

**ശ്രീ.ആർ.രാമചന്ദ്രൻ**

**ഡോ. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| (എ) | കേരളത്തിൽ പ്രവർത്തിക്കുന്ന മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളുടെ പ്രവർത്തനം ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൈക്രോ ഫിനാൻസ് ഉൾപ്പെടെയുള്ള ബാങ്കിതേതര ധനകാര്യ സ്ഥാപനങ്ങളെ കുറിച്ച് പഠിക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡ് രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പ് വിശദമായ പഠനങ്ങൾക്ക് ശേഷം സംസ്ഥാന സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശുപാർശകൾ പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതിനായി ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും നികുതി സെക്രട്ടറി കൺവീനറായും, ആസൂത്രണ സാമ്പത്തിക കാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയും സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയും നിയമ സെക്രട്ടറിയും അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഇവർ നടത്തുന്ന പണമിടപാടുകളിലെ ക്രമക്കേടുകൾ പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ; | |
| (സി) | പലിശ, തവണ എന്നീ ഇനങ്ങളിൽ ഉപഭോക്താക്കളെ വഞ്ചിക്കുന്ന തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിച്ച് കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; | |
| (ഡി) | മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

*അക്കൗണ്ട്സ് ഓഫീസർ*